I ഇ.ബി. XIV - കേരള നിയമസഭ /VII-1

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 7, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2017 ആഗസ്റ്റ് മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

( 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ചരമോപചാരം

പി. ഉണ്ണിക്കൃഷ്ണപിള്ള, കെ.ഇ. മാമ്മൻ എന്നിവരുടെ നിര്യാണം

മുൻനിയമസഭാംഗം പി. ഉണ്ണിക്കൃഷ്ണപിള്ള, സ്വാതന്ത്ര്യ സമരസേനാനിയും ഗാന്ധിയനുമായിരുന്ന കെ.ഇ. മാമ്മൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എ.പി. അനിൽ കുമാർ, ശ്രീമതി പി. അയിഷാ പോറ്റി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

### സംസ്ഥാനത്തെ അക്രമപ്രവർത്തനങ്ങൾ

മി. സ്പീക്കർ: തലസ്ഥാന നഗരിയിലും കണ്ണൂർ-കോട്ടയം ജില്ലകളിൽ ഉൾപ്പെടെ സംസ്ഥാനത്ത് പലയിടത്തും കഴിഞ്ഞ ദിവസങ്ങളിൽ ബി.ജെ.പി.-സി.പി.(ഐ.)എം. പ്രവർത്തകർ തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളും അക്രമങ്ങളും കൊലപാതകവുംമൂലമുണ്ടായിട്ടുള്ള ഗുരുതരമായ ക്രമസമാധാന തകർച്ചയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാത്ത ഗൗരവതരമായ സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഒ. രാജഗോപാൽ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. )

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ക്രമസമാധാനനില തകരാറിലാണെന്ന ആരോപണം അവാസ്തവവും അടിസ്ഥാനരഹിതവുമാണ്. വർഗ്ഗീയ സംഘർഷങ്ങളോ സ്ഥായിയായ രാഷ്ട്രീയ സംഘട്ടനങ്ങളോ സംസ്ഥാനത്തൊരിടത്തും നടന്നിട്ടില്ല. കേരളം സംഘർഷമേഖലയാണെന്ന തെറ്റായ പ്രചരണം സംസ്ഥാനത്തിന്റെ ഭാവി വികസന സാധ്യതകൾക്ക് ദോഷകരവും മലയാളി സമൂഹത്തിന് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നതുമാണ്. സംസ്ഥാനത്ത് ചിലയിടങ്ങളിലുണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കാതിരിക്കാനും ക്രമസമാധാന നില ഭദ്രമാക്കാനും ആഭ്യന്തര വകുപ്പിന്റെയും പോലീസിന്റെയും കാര്യക്ഷമമായ പ്രവർത്തനംമൂലം സാധിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലുമുണ്ടായ രാഷ്ട്രീയസംഘട്ടനങ്ങളെ അമർച്ച ചെയ്യാനും കുറ്റക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് കക്ഷിരാഷ്ട്രീയത്തിനതീതമായി നടപടി സ്വീകരിക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ക്രമസമാധാനം തകരാറിലാണെന്ന സന്ദേശം പ്രചരിപ്പിക്കുന്നവരെ ഒറ്റക്കെട്ടായി നേരിടണം.

ശ്രീ. കെ. മുരളീധരൻ: കണ്ണൂരിൽ മാത്രമായിരുന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

തലസ്ഥാനത്തേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. അക്രമസംഭവങ്ങൾ നിയന്ത്രിക്കു ന്നതിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. കൗൺസിലർമാരുടെ വീടുകൾ ഉൾപ്പെടെ ആക്രമിക്കപ്പെട്ടപ്പോഴും ആളുകൾ കൊലചെയ്യപ്പെട്ടപ്പോഴും പോലീസ് നിഷ്ക്രീയ നിലപാടാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങൾ ഇനി ഉണ്ടാകാൻ പാടില്ല. ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾക്കെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. പ്രസ്തുത വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ വികസന കാര്യങ്ങളിൽ കക്ഷി-രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. സംസ്ഥാനത്ത് നടന്ന ചില കൊലപാതകങ്ങളെ തെറ്റായി ചിത്രീകരിച്ച് നടത്തുന്ന നുണപ്രചരണങ്ങൾക്ക് പിന്നിൽ വ്യക്തമായ രാഷ്ട്രീയ ലക്ഷ്യമാണുള്ളത്. അത് കേരളത്തിന്റെ പൊതുവായ അന്തരീക്ഷത്തിൽ ഒറ്റപ്പെട്ട സംഭവമായി നിലനിൽക്കുകയാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭരണഘടന വാഗ്ദാനം ചെയ്യുന്ന മത നിരപേക്ഷത സംരക്ഷിക്കുന്നതിലും സമൂഹത്തിൽ സ്വൈരതയും ക്രമസമാധാനവും നിലനിർത്തുന്നതിലും കേരളം മുൻപന്തിയിലാണെന്ന വസ്തുത വിസ്മരിക്കരുത്. ഇതര സംസ്ഥാനങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന എസ്.സി./എസ്.ടി.-ദളിത്-ന്യൂനപക്ഷ അതിക്രമങ്ങൾ

ക്കെതിരെ പ്രതിഷേധിക്കാൻ കേരള ജനതയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളത്തെ സംഘർഷ മേഖലയായി ചിത്രീകരിച്ച് നാടിന്റെ വികസനത്തെ ഇല്ലാതാക്കാനുള്ള ശ്രമം തടയുന്നതിനും വ്യക്തമായ രാഷ്ട്രീയ ഗൂഢോദ്ദേശ്യത്തോടെ നടത്തുന്ന ഇത്തരം അക്രമങ്ങളെ തിരിച്ചറിയുന്നതിനും ജനങ്ങൾ തയ്യാറാകണം. സംസ്ഥാനത്ത് നടക്കുന്ന കൊലപാതകങ്ങൾക്കും അക്രമസംഭവങ്ങൾക്കുമെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ കക്ഷി രാഷ്ട്രീയ ഭേദമെന്യേ കേരള ജനത ഒറ്റക്കെട്ടായി പ്രവർത്തിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിലെ ക്രമസമാധാന നില തകർന്നുവെന്ന കുറ്റസമ്മതമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. കൊലപാതകങ്ങളിലും അക്രമങ്ങളിലും മുഖം നോക്കാതെ നടപടിയെടുത്തില്ലെങ്കിൽ കേരളത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടും. ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് കാണിക്കരുതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയോട് യോജിക്കുന്നു. കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പാർട്ടികൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നില്ല. ഭരണപരാജയം മറച്ചുവയ്ക്കാനാണ് ഇരുപാർട്ടികളും അക്രമങ്ങൾ നടത്തുന്നത്. സോഷ്യൽ മീഡിയയിലൂടെ അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും

പ്രകോപനം സൃഷ്ടിക്കുന്നതും അപലപനീയമാണ്. മുഖ്യമന്ത്രിക്ക് പോലീസിന്റെ നിയന്ത്രണം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് ഇത്രയേറെ കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും നടന്നതിലൂടെ മനസ്സിലാകുന്നത്. സംസ്ഥാനത്ത് നടക്കുന്ന കൊലപാതകങ്ങൾ അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ ക്രമസമാധാനനില അനുദിനം തകർന്നുകൊണ്ടിരിക്കുമ്പോൾ പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കുന്ന സ്ഥിതിയാണുള്ളത്. സാമൂഹ്യവിരുദ്ധരും ഗുണ്ടകളും അഴിഞ്ഞാടുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് പ്രശ്നം ചർച്ച ചെയ്യണം. കൊലപാതകങ്ങളും അക്രമങ്ങളും കാരണം ക്രമസമാധാനം തകർന്നിരിക്കുന്ന നിലപാടിനെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി.

ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.)

## IV ശ്രദ്ധക്ഷണിക്കൽ

### പുനരുദ്ധാരണ പാക്കേജ്

ശ്രീ. എസ്. ശർമ്മ: കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി അതിജീവിക്കുന്നതിന്റെ ഭാഗമായി 2017-18 കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ വർഷമായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ സിംഹഭാഗവും കടം തിരിച്ചടയ്ക്കുന്നതിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി നിയോഗിച്ച പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനും കടബാധ്യത ഒഴിവാക്കി വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടിയുണ്ടാകണം. തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രസ്തുത പാക്കേജ് അടിയന്തരമായി നടപ്പാക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): ആയിരം പുതിയ സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുമെന്ന 2016-17 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ പ്രോജക്ട്

റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി 3000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ബസുകൾ നിരത്തിലിറക്കാൻ കാലതാമസം നേരിടുമെന്നതിനാൽ 250 എ.സി. ബസുകൾ ഉൾപ്പെടെ 900 ബസുകൾ വാങ്ങുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറിയ കാലയളവിനുള്ളിൽ അടച്ചുതീർക്കേണ്ടിയിരുന്ന 3000 കോടി രൂപയുടെ കടബാധ്യത 20 വർഷം കൊണ്ട് അടച്ചുതീർക്കത്തക്ക രീതിയിൽ ബാങ്ക് കൺസോർഷ്യത്തിൽ നിന്നും ഗവൺമെന്റ് ഗ്യാരന്റിയോടെ വായ്പയെടുക്കുന്നതിനുള്ള നടപടിയും ഉന്നതവിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ളവരെ കോർപ്പറേഷന്റെ ഉയർന്ന തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരികയാണ്. പ്രൊഫ. സുശീൽഖന്നയുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ തൊഴിലാളി സംഘടനകളുടെ യോഗത്തിൽ ഡ്യൂട്ടി പാറ്റേൺ ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികളിൽ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ ഒരു വർഷത്തിനകം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ സാധിക്കും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്) : ബഡ്ജറ്റിൽ പരാമർശിച്ചിരുന്ന സി.എൻ.ജി. ബസുകൾക്കുപകരം ഡീസൽ ബസുകൾ വാങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## V സബ്മിഷൻ

(1) കൊച്ചി മെട്രൊ തൃശ്ശൂർ വരെ ദീർഘിപ്പിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : കൊച്ചി മെട്രോ സർവ്വീസ് തൃശ്ശൂർ വരെ ദീർഘിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കൊച്ചി മെട്രോ സർവ്വീസ് മൂന്ന് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കിവരുന്നത്. പദ്ധതിയുടെ മൂന്നാംഘട്ടം പൂർത്തിയാകുന്നതിനനുസൃതമായി മാത്രമേ ദൈർഘ്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(2) കൊച്ചി മെട്രോ അരൂർ വരെ ദീർഘിപ്പിക്കൽ

ശ്രീ. എ. എം. ആരിഫ് : കൊച്ചി മെട്രോ സർവ്വീസ് അരൂർ വരെ ദീർഘിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കൊച്ചി മെട്രോയുടെ ഒന്നാംഘട്ടം

2017 ജൂൺ 17-ന് ഉദ്ഘാടനം ചെയ്യുകയും രണ്ടാംഘട്ടം നടപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം തേടുകയും മൂന്നാംഘട്ടത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി മെട്രോ അങ്കമാലി വരെ ദീർഘിപ്പിക്കുന്നതിന് സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(3) തുരങ്കപ്പാത നിർമ്മാണം

ശ്രീ. ജോർജ്ജ് എം. തോമസ് : ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന താമരശ്ശേരി ചുരം റോഡിന്റെ വീതി കൂട്ടുന്നത് അസാധ്യമായതിനാൽ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന താമരശ്ശേരി ചുരം റോഡിൽ ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചുവരുന്നതിനാൽ ബദൽ റോഡായി കണ്ടെത്തിയ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി റോഡിന്റെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയെങ്കിലും കുന്നിൻമുകളിലൂടെ

പാതയുണ്ടാക്കുന്നത് അപ്രായോഗികമായതിനാൽ ടണൽ നിർമ്മിക്കുന്നതാണ് ഉത്തമമെന്ന് കണ്ടെത്തുകയും പ്രാഥമിക ഇൻവെസ്റ്റിഗേഷൻ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കൊങ്കൺ റെയിൽ കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബാക്കിയുള്ള സബ്മിഷനുകൾ റദ്ദ് ചെയ്യുന്നതായും അവയ്ക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

# VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2017-ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2017-ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2017-ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

നിരാകരണപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. കെ. സി. ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി

അവതരിപ്പിക്കപ്പെട്ടില്ല.

<u>ശ്രീ. എസ്. ശർമ്മ</u>: 2017-ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2017-ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ii) <u>2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

നിരാകരണപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. വി. എസ്. ശിവകുമാർ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. എം. നൗഷാദ്: 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 11.07-ന് പിരിഞ്ഞു.

**************